LIBRARY ARCHIVES Kerala Legislative Assembly

മുൻ മലബാറിന്റെ ടൂറിസ വികസനം

104 (4712) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാറിന്റെ ടൂറിസ വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഈ മാസ്റ്റർ പ്ലാനിൽപ്പെടുത്തുന്നത് ; പ്രസ്തുത ഓരോ പ്രദേശത്തിന്റെയും ടൂറിസ്റ്റ് അട്രാക്ഷൻ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) വയനാട് ജില്ലാ എക്കോ ടൂറിസം ജില്ലയായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്.

ബി.ആർ.ഡി.സി. അകയർ ചെയ്ത സ്ഥലം സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് കൊടുക്കാനുള്ള തീരുമാനം

105 (4713) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനും മറ്റ് സൗകര്യങ്ങൾക്കുമായി റിസോർട്ട് നിർമ്മിക്കുന്നതിന് ബി.ആർ.ഡി.സി. അകയർ ചെയ്ത സ്ഥലം സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികൾക്കാണ് സ്ഥലം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) മേൽ പാട്ടത്തിന് നൽകിയ സ്ഥലത്ത് കമ്പനികൾ എന്തെങ്കിലും നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ ബി.ആർ.ഡി.സി. ഏറ്റെടുത്ത റിസോർട്ട് സൈറ്റുകൾ സർക്കാർ നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം പാട്ടത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ആർക്കും സ്ഥലം നൽകിയിട്ടില്ല.

(സി) എ, ബി. വിഭാഗങ്ങൾക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.